വർഷത്തെ ആദ്യഗഡു കേന്ദ്രത്തിൽനിന്നും ലഭ്യമാകുന്ന മുറയ്ക്കും രണ്ടാമത് ഗഡു കേന്ദ്രത്തിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്കോ അല്ലെങ്കിൽ ജനുവരി ആദ്യ ആഴ്ചയിലോ ആണ് റിലീസ് ചെയ്യേണ്ടത്.

(ബി) പ്രാദേശിക സർക്കാരുകളുടെ പദ്ധതികൾക്കുള്ള ഫണ്ടുകൾ മേൽ വ്യവസ്ഥകൾ പ്രകാരം റിലീസ് ചെയ്യുവാൻ പരമാവധി ശ്രമിച്ചിട്ടുണ്ടെങ്കിലും വിവിധ കാരണങ്ങളാൽ അപൂർവ്വ സന്ദർഭങ്ങളിൽ ടി ഇ ടി ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിൽ നേരിയ കാലതാമസവും ചില ഏറ്റക്കുറച്ചിലുകളും വന്നിട്ടുണ്ട്. പ്രാദേശിക സർക്കാരുകൾക്ക് മുൻ സാമ്പത്തിക വർഷങ്ങളിൽ ഫണ്ടുകൾ അനുവദിച്ചതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പ്രസ്തുത റിപ്പോർട്ടിലെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നികുതി പിരിവ് സംബന്ധമായ വിശദാംശങ്ങൾ യഥാസമയം ലഭിക്കാത്തതിനാൽ 2012-13 സാമ്പത്തിക വർഷത്തെ വികസന ഫണ്ടിന്റെ പത്താമത് ഗഡു റിലീസ് ചെയ്യാൻ 58 ദിവസം താമസം നേരിട്ടിട്ടുണ്ട്. പ്രാദേശിക സർക്കാരുകൾക്കുള്ള ഫണ്ടുകൾ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനുള്ള ഒരു പുതിയ സംവിധാനം ധനകാര്യ വകുപ്പിന്റെ സജീവ പരിഗണനയിലാണ്.

(ഡി) തനാണ്ടിൽ വികസന ഫണ്ട് (പൊതു വിഭാഗം) ഏഴ് തവണകളും, 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് 6 ഗഡുക്കളായും (മുൻ വർഷങ്ങളിലേക്ക് അനുവദിക്കപ്പെട്ട അധിക വിഹിതം ഉൾപ്പെടെ) ആകെ 61% റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി * ചേർത്തിരിക്കുന്നു.

സബർബൻ റെയിൽവേ

7 (*37) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. ശിവദാസൻ നായർ:
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സബർബൻ റെയിൽവേ തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച സാധ്യതാ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതിക്കായി എത്ര കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്, വിശദമാക്കുമോ ;

(ഡി) മിഷൻ 676-ൽ ഉൾപ്പെടുത്തി പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് ആദ്യഘട്ടത്തിൽ തിരുവനന്തപുരം റെയിൽവേ ഡിവിഷന് കീഴിലുള്ള തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ/ഹരിപ്പാട് വരെ ഓട്ടോമാറ്റിക് സിഗ്നലിംഗ് സിസ്റ്റം ഏർപ്പെടുത്തിക്കൊണ്ടും മെമു/യെമു റേക്കുകൾ ഉപയോഗിച്ചും സബർബൻ ടെയിൻ സർവ്വീസ് ആരംഭിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് 1-1-2013-ൽ കേരള സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പദ്ധതിയുടെ സാധ്യതാപഠനം മുംബൈ റെയിൽ വികാസ് കോർപ്പറേഷൻ ലിമിറ്റഡ് (MRVC) എന്ന പൊതുമേഖലാ കമ്പനിയെ ഏല്പിക്കുകയും അവർ ടി പദ്ധതിയുടെ സാധ്യതാപഠനം നടത്തിയശേഷം വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച വിശദമായ പദ്ധതി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

തിരുവനന്തപുരം റെയിൽവേ ഡിവിഷന്റെ പരിധിയിൽ വരുന്ന തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ വരെയുള്ള 125.56 കിലോ മീറ്റർ പാതയാണ് പഠന വിധേയമാക്കിയത്.

പദ്ധതിയുടെ മൂന്ന് പ്രധാന ഘടകങ്ങൾ :

(എ) ഓട്ടോമാറ്റിക് സിഗ്നലിംഗ് സംവിധാനം

(ബി) പുതിയ ടെയിനുകൾ

(സി) പ്ലാറ്റ്ഫോമുകളുടെ നവീകരണം

(നിലവിലുള്ള ഇരട്ട പാതകളിൽ ഇപ്പോഴുള്ള സിഗ്നലിംഗ് സംവിധാനം മാറ്റി പകരം ആധുനിക ഓട്ടോമാറ്റിക് സിഗ്നലിംഗ് സംവിധാനം സ്ഥാപിക്കൽ, പുതിയ ടെയിനുകളുടെയും മെട്രോ ടെയിനുകളിൽ ഉപയോഗിക്കുന്ന പുതിയ രീതിയിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

കോച്ചുകളുടെ സംഭരണം പ്രസ്തുത കോച്ചുകൾക്ക് ഉതകുന്ന രീതിയിൽ പ്ലാറ്റ്ഫോമുകളുടെയും സ്റ്റേഷനുകളുടെയും നവീകരണവും നടത്തുന്നതാണ്.)

1. സ്റ്റേഷനുകളുടെ എണ്ണം - 27 (5 ഹാൾട്ട് സ്റ്റേഷനുകൾ ഉൾപ്പെടെ)

2. തീവണ്ടി ഉപയോഗ പദ്ധതി - 30 മിനിട്ട് ഇടവിട്ട്

3. ഉദ്ദേശിക്കുന്ന പ്രധാന ജോലികൾ

(എ) ടെയിൻ പ്രൊട്ടക്ഷൻ മുന്നറിയിപ്പോടുകൂടിയ ഓട്ടോമാറ്റിക് സിഗ്നലിംഗ് സംവിധാനം.

(ബി) 79 റൺവേ ഗേറ്റുകളുടെ നവീകരണം.

(സി) സ്റ്റേഷനുകളിലെ സിഗ്നൽ സംവിധാനം മെച്ചപ്പെടുത്തലും പ്ലാറ്റ്ഫോമുകളുടെ നവീകരണവും യാർഡുകളുടെ പുനരുദ്ധാരണവും.

(ഡി) 96 യാത്രാകോച്ചുകളുടെ സംഭരണം.

(ഇ) 250 ഇ.എം.യു. - കാറുകൾക്ക് മെയിന്റനൻസ് നടത്താൻ ഉതകുന്ന ഡിപ്പോ കൊല്ലത്ത് സ്ഥാപിക്കൽ.

4. പദ്ധതി നടപ്പാക്കുവാനുള്ള സമയക്രമം - പദ്ധതിയുടെ അനുമതി തീയതി മുതൽ 3 വർഷം.

5. കണക്കാക്കിയ മൊത്ത ചെലവ് - 3063.97 കോടി രൂപ മാർച്ച് 2014-ലെ വില നിലവാരത്തിൽ.

6. സാമ്പത്തിക സൂചികകൾ -

(എ) ഫൈനാൻഷ്യൽ റേറ്റ് ഓഫ് റിട്ടേൺ (എഫ്.ഐ.ആർ.ആർ) 2.63%

(ബി) ഇക്കണോമിക് റേറ്റ് ഓഫ് റിട്ടേൺ (ഇ.ഐ.ആർ.ആർ) 12.84%

7. നടപ്പാക്കൽ സംവിധാനം-ജോയിന്റ് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) - സംസ്ഥാന സർക്കാരും റെയിൽവേയും സംയുക്തമായി).

8. വിഭവ സമാഹരണം-മുഴുവൻ മൂലധനം സംസ്ഥാന സർക്കാർ വഹിക്കുക. അന്താരാഷ്ട്ര ഏജൻസികളിൽനിന്നും സ്വരൂപിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതിക്കായി 3063.97 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലേക്കായി സംസ്ഥാന സർക്കാർ കേന്ദ്ര റയിൽ മന്ത്രാലയവുമായി ആശയവിനിമയം നടത്തിവരുന്നു. ബഹു. മുഖ്യമന്ത്രി റയിൽവേ വകുപ്പ് മന്ത്രിയുമായും ഉദ്യോഗസ്ഥർ റെയിൽവേ ബോർഡ് ഉദ്യോഗസ്ഥരുമായും ചർച്ചകൾ നടത്തിവരുന്നു.

പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള വിജിലൻസ് സമിതികൾ

8 (*38) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

ശ്രീ. കെ. രാധാകൃഷ്ണൻ :

ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവിഭാഗക്കാരുടെ ക്ഷേമത്തിനായി മുഖ്യമന്ത്രി ചെയർമാനായി നിയമിച്ച സംസ്ഥാന വിജിലൻസ് സമിതിയും കളക്ടർ ചെയർമാനായി നിയമിച്ച ജില്ലാ വിജിലൻസ് സമിതിയും യോഗം ചേർന്ന് ആദിവാസിക്ഷേമം അവലോകനം നടത്താറുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത കമ്മിറ്റികൾ രൂപീകരിച്ചശേഷം എത്ര തവണ യോഗം ചേർന്നുവെന്ന് വിശദമാക്കാമോ ;

(സി) ഇത്തരം സമിതികൾ യോഗം ചേർന്ന് യഥാസമയം ആദിവാസി ക്ഷേമ പ്രവർത്തനങ്ങൾ അവലോകനം നടത്താത്തതുകാരണം ഈ മേഖലയിൽ നടക്കുന്ന അഴിമതിയും ഉദ്യോഗസ്ഥ അനാസ്ഥയും ഇടനിലക്കാരുടെ ചൂഷണവും തടയുന്നതിന് സാധിക്കുന്നില്ല എന്ന പരാതിയെക്കുറിച്ച് നിലപാട് വ്യക്തമാക്കുമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി):

LIBRARY ARCHIVES Kerala Legislative Assembly